# വർണ്ണം



## C.P.P.H.M.H.S.S OZHUR

# ആമുഖം

വിവര സാങ്കേതിക വിദ്യക്കൊപ്പം ലോകം
കുതിച്ച് മുന്നേറുന്ന
പുതിയ കാലഘട്ടത്തിൽ കാലത്തിനൊപ്പം ചുവടു
വെച്ചു കൊണ്ട് ലിറ്റിൽ കൈറ്റ്സ്
പ്രതിഭാധനരായ വിദ്യാർത്ഥികൾ
തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ
വ്യത്യസ്തമായ സാഹിത്യ രൂപങ്ങളാൽ
സമ്പന്നമാണ്.

വർഷം തോറുംതയ്യാറാക്കിവരുന്ന
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ഓരോ
വർഷവും കൂടുതൽ കൂടുതൽ മികവിലേക്ക്
മുന്നേറുകയാണ്.

ഈ ഉദ്യമത്തിൽ പങ്കാളികളായ
വിദ്യാർത്ഥികളും അവർക്ക് പ്രചോദനവും
പ്രോത്സാഹനവുമായി കൂടെനിന്ന
അധ്യാപകരും ഏറെ പ്രശംസ അർഹിക്കുന്നു .

വർണ്ണം എന്ന് പേരിട്ട ഈ മാഗസിൻ
അതിന്റെ ലക്ഷ്യം നേടാൻ പ്രാപ്തമാവുമെന്ന

പ്രതീക്ഷയോടെ

C.P.P.H.M.H.S.S OZHUR

# ഉള്ളടക്കം


1 - ആമുഖം
3 - ഉള്ളടക്കം
4 - സന്ദേശം
5 - ആശംസകൾ
6 -മഴയുടെ കാലം
7 - പെൺകുട്ടികളുടെ രക്ത പരിശോധന
8 - വർണ മഴ
9 - TANUR SUBJILLA KALOLSAVAM
11 - മറക്കാനാവാത്ത ഓർമ്മ
13 - സ്വാതന്ത്ര്യ ദിന റാലി
14 -വർഷക്കാലം
15 - ലൈബ്രറി
16 - മഴ
17 - നാച്ചുറൽ ക്ലബ്ബിന്റെ യാത്ര
18 - മഴ
19 -സ്കൗട്ട് ക്യാമ്പ്
20 - പിഴുതെടുക്കുന്നവരോട്
23 - പരിസ്ഥിതി ദിനം
24 - യുദ്ധ മുഖം
26 -ടീൻസ് ക്ലബ്ബ്
27 - കളിപ്പാട്ടങ്ങൾ
30 - ക്വിസ് മൽസരം
31 - മായാ ലോകത്തിന്റെ മരുന്ന്

# സന്ദേശം

ഒഴൂർ C.P.P.H.M.H.S.S ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഡിജിറ്റൽ ലോകത്തെ കുട്ടികളുടെ ഭാവാത്മകമായ കഴിവുകൾ പ്രദർശിപ്പിക്കാൻ കഴിയുന്ന ഒരു ഇടം എന്ന നിലക്ക് ഈ മാഗസിൻ അച്ചടികൾക്ക് പകരം ലോകം ഡിജിറ്റൽ അക്ഷരങ്ങൾ കയ്യടക്കി കൊണ്ടിരിക്കുന്ന  വർത്തമാന കാ-ലത്ത് നമ്മുടെ കുട്ടികളുടെ ഈ ചെറിയ സംരംഭത്തിന് വലിയ പ്രസക്തിയുണ്ട്.



സ്നേഹത്തോടെ
(ഹെഡ്മാസ്റ്റർ)
ശ്രീ പി.കെ ഹൈദ്രോസ്

# ആശംസകൾ

CPPHMHSS OZHUR ലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു .



സ്നേഹത്തോടെ
(മാനേജർ)
സി.പി കുഞ്ഞുട്ടി

C.P.P.H.M.H.S.S OZHUR -ലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന വർണ്ണം എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



സ്നേഹത്തോടെ
ഷീജ ടീച്ചർ.

# മഴയുടെ കാലം

പ്രകൃതിക്ക് ആവശ്യമായതാണ് മഴ
മഴയില്ലെങ്കിൽ ജലമില്ല
ജലമില്ലെങ്കിൽ മനുഷ്യർ മൃഗങ്ങൾ
പക്ഷികൾ അങ്ങനെയുള്ള സാധനമൊന്നും
ഇവിടെ ഇല്ല മഴക്കുമുണ്ട് ഈണങ്ങൾ ആ
മഴത്തുള്ളികൾ ഇറ്റുമ്പോൾ ഉള്ള
ഈണം എവിടെയും കിട്ടില്ല
മഴത്തുള്ളികൾ ഇറ്റുമ്പോൾ
ആ തുള്ളികൾക്ക് അർത്ഥം കൂടിയുണ്ട്
മഴ പെയ്യുമ്പോൾ വാഴയിലക്ക്
ആളുകൾ തേടി വരാറുണ്ട്
പ്രകൃതിക്കു മഴ വലിയ
ഒരു സുഗന്ധം തന്നെയാണ്
ആ മഴയെ തേടി എവിടെയും
പോകാൻ കഴിയില്ല മഴ നമ്മെ
തേടി എത്തുക തന്നെ ചെയ്യും
അത് ചട പട ചട പട
കേൾക്കുമ്പോൾ മനസ്സിൽ
വല്ലാത്ത ആശ്വാസം
മഴക്ക് പകരം വേറൊന്നും
ഇതു വരെ ഒന്നും ഞാൻ കണ്ടിട്ടില്ല
ഇനി അത് കാണാൻ പോകുന്നുമില്ല

# പെൺകുട്ടികളുടെ രക്ത പരിശോധന



# വർണ്ണ മഴ

സ്വർഗത്തിൽ നിന്നും വരുന്ന വെള്ളി
നൂലാണു തുള്ളി മഴ....
മഴയിൽ കുതിരുന്ന ബാല്യകാലം
ഓർമയിൽ കുതിരുന്ന വസന്ത കാലം.......
മാനത്തെ വെള്ളിനൂലുകളാതിരുമുറ്റ
മതിൽ പതിക്കുന്ന സുഗന്ധം
മാനം തന്റെ കണ്ണുനീരുമെമ
സമർപ്പിക്കുന്നു തിരുമുറ്റമതിനെ
പച്ചപ്പിനാൽ വാരിപ്പുണരുന്നു
എല്ലാമെല്ലാം മറന്നവർ
സ്നേഹിതന്മാരായി തീർന്നു
അവർക്കിടയിലെ സന്ദേശ വാഹ
കരായി വർണമഴ പെയ്തിറങ്ങുന്നു
എല്ലാവരെയും തന്റെ മൃദുവിര
ലുകളാൽ വാരിപുണരുന്നു
പൂക്കൾ ആനന്ദത്തിലാടി
ക്കളിക്കുന്നു കടലിന്റെ ഹൃദ
യത്തിൽ നിന്നു നീരാവിയായി
മാനത്തെത്തി മഴയായി പെയ്
തുതീരുകയാണവൾ
തന്റെ അന്ത്യത്തിലും തന്റെ
ജീവിതത്തിലെ നിറങ്ങൾ മാനത്തു
കാഴ്ച്ച വച്ച് അവൾ മടങ്ങുക
യാണ് മൃദുല ഹൃദയവാഹരതിനെ
ദുഖത്തോടെ നോക്കി നിൽക്കുന്നു
അവളുടെ സംഗീതം മതിയാകുവോളം
കാതോർക്കുന്നു അവളുടെ സംഗീതത്തിൽ

നൻ ഹൃദയം കുളിർക്കുന്നു മറ്റുള്ളവർക്കായി
അവൾ പെയ്തിറങ്ങുന്നു
വറ്റിവരണ്ട തരിശുഭൂമി അവൾക്കായി
എന്നും കാത്തിരിക്കുന്നു അവൾ പെയ്തിറങ്ങുമ്പോൾ
അവൻ പച്ചപ്പ് നിറച്ച് അവനെ ആനന്ദിപ്പിക്കുന്നു
എൻ വർണമഴയേ നീയെവിടെ കാത്തിരിക്കുകയാണ്
നിനക്ക് മാത്രമേ എന്നെ സ്വർഗ്ഗമാക്കുവാൻ
കഴിയുള്ളൂ എന്നെ നീ വർണങ്ങൾ കൊണ്ട് സന്തോഷി
പ്പിക്കുന്ന വർണമഴയേ നീയെവിടെ?

# സി.പി.പി.എച്ച്.എം.എച്ച്.എസ്.എസ് ഒഴൂർ
# TANUR SUB JILLA K ALOLSAVAM
# OVERALL CHAMPIONSHIP






MUBARAK
SOUNDS
9895 08 15 75, 9847 35 38 12
MS
AUDIO

# മറക്കാനാവാത്ത ഓർമ്മ

എന്നുമെന്റെ ഓർമ്മയിൽ വരുന്നതു
ഉമ്മറത്തിരുന്നു ഞാൻ കാത്തു നിന്ന
തുള്ളിടുന്നൊരു കുഞ്ഞനിയനെ
ചാരുകസേരയിലിരുന്നു ആസ്വദിച്ചൊരു
പെരുമഴയതല്ലോ...

അനിയനുമൊത്ത് ഞാൻ
കളി വള്ളങ്ങളുണ്ടാക്കിയ
ദിനങ്ങളും മറക്കാനാവാത്തതല്ലോ.....
മഴയെന്നു കേട്ടാലുടൻ
ഓടിയെത്തുന്നൊരു കുഞ്ഞനിയനു
മൊത്ത് മഴയിൽ രസിച്ച കാലം

ഇടിയതു മുഴങ്ങിയാൽ
ചറപറാ പാഞ്ഞെത്തും
വസന്തമാണല്ലോ പെരുമഴ

മഴയത്തു കുതിരുന്ന ചെറു
തൈകളെ നോക്കിയിരുന്നു
ഞാൻ ഉമ്മറത്ത്.......

കളിവഞ്ചിയുണ്ടാക്കി കുതിർത്തിയും
മഴയത്ത് ഉല്ലസിച്ചിരുന്നാലും
മഴയോടൊപ്പമുള്ള ആ നിമിഷം
മായ്ക്കാനാവാത്ത ഓർമ്മയത്........
കുതിരുന്നു ഞാനാ കളിയിലല്ല
ഒരു കുഞ്ഞു മഴ തൻ ലാളനയിൽ......

സ്വർഗത്തിൽ നിന്നും വരുന്ന വെള്ളി
നൂലാണു തുള്ളി മഴ....
മഴയിൽ കുതിരുന്ന ബാല്യകാലം
ഓർമ്മയിൽ കുതിരുന്ന വസന്തകാലം.........

# സ്വാതന്ത്ര്യദിന റാലി



# വർഷക്കാലം

വരവായ് വരവായ് വർഷക്കാലം
ആകാശത്തിൽ ഛായയിരുണ്ടു
നൃത്തത്തുള്ളികളെത്തീടുന്നീ
വരണ്ട ഭൂമി പ്രതലത്തിൽ

കുഞ്ഞിത്തൈകൾ പച്ചപിടിച്ചു
വഴിയോരങ്ങൾ ചളിപിളിയായ്
പനിയും പകർച്ചവ്യാദിയുമെത്തി
ചികിത്സാ കേന്ദ്രം ആൾക്കൂട്ടത്താൽ

പുഴകൾ നിറഞ്ഞു കിണറുകളും
കായലും പിന്നെ ഡാമുകളും
കുടകൾ നിവർന്നു  മഴക്കോട്ടും
പുസ്തകസഞ്ചി നനഞ്ഞല്ലോ

# ലൈബ്രറി



# മഴ

ഒരു തുള്ളി മഴക്കുവേണ്ടി
കാത്തിരുന്ന കാലം ഉണ്ട്
സ്നേഹം പോലെ പെയ്തിറങ്ങി
ഒരു കൂട്ടം മഴ ആകെ

ആ കാലം ഞങ്ങൾക്ക്
മഴക്കളി ആയിരുന്നു
ആ കാലം സ്നേഹം നിറഞ്ഞൊ-
രു കൊച്ചു വീട്

അമ്മയും കൊച്ചനുജന്മാരും
കൂടി കളിക്കും കാലം
മഴ ഒന്ന് പെയ്താൽ
മഴ ഒന്ന് പെയ്താൽ

എന്നും പറഞ്ഞ് കാത്തിരിക്കെ
പെയതിറങ്ങുന്ന സ്നേഹത്തുള്ളി
ആകാശം ആകെ ഇരുണ്ടുമൂടി

# നാചർൽ ക്ലബ്ബിന്റെ യാത്ര

## പൂക്കോട്ട് പാടം





# മഴ

മഴയേക്കാളെനിക്ക പ്രിയം കാർമുകിലാണ്
ആ മഴ മധുരിമ മധുകണമായി പൊഴിയുമ്പോൾ
എൻ മനസ്സിലുദിക്കും അത് എൻ മേൽ ആയിരം
സൗഭാഗ്യങ്ങൾ കൊഴിക്കുമെന്ന്
അത് ആവേശത്തിന്റെ കുളിർ മഴയായി
പെയ്യുമ്പോൾ അടി മുതൽ തലവരെ കുളിരു
കോരും, രോമാഞ്ചം തരിപ്പിക്കുന്നു
പക്ഷെ ചിലർക്ക് ഭയാനകമായ പേടിപ്പെടുത്തുന്ന
മഴയാകാം പണ്ടൊരിക്കൽ മലയാളവർഷം
മലനാട് മുങ്ങീടും തലയത്ര വെള്ളത്തിൽ
അന്നത്ര മഴ
മഹാഭാഗ്യങ്ങൾ ഒലിച്ചുപോയ കാലം
അന്നാ നഷ്ടങ്ങൾ ഇന്നും മനസ്സിലിരുന്നു

# സ്കൗട്ട് ക്യാമ്പ്



# പിഴുതെടുക്കുന്നവരോട്

പ്രകൃതി എന്നും ഹരമായിരുന്നു. ഓർമ വെച്ചനാൾ മുതൽ സ്കൂൾ അവധി ദിവസവങ്ങൾ കാത്തിരുന്ന് ഉമ്മാന്റെ വീട്ടിലേക്ക് പോകുമ്പോൾ ആദ്യം മനസ്സിൽ കാണുന്നത് കണ്ണെത്താദൂരത്തോളം പച്ച വിരിച്ചു നിൽകുന്ന നെൽപാടങ്ങളും അതിലൂടെ ഒഴുകുന്ന തോടും പിന്നെ വല്ല്യുമ്മ കരുതി വെച്ച സ്നേഹവുമായിരുന്നു. ചെറിയ ക്ലാസുകളിൽ പഠിക്കുന്ന സമയത്ത് കിട്ടിയിരുന്ന അവധി ദിവസങ്ങൾ വലിയ ക്ലാസുകളിലെത്തിയപ്പോൾ പരിമിതമായിരുന്നുവെങ്കിലും പച്ച വിരിച്ച വയലുകളെ മറന്നിരുന്നില്ല.വയലോരങ്ങളിലേക്ക് എത്തിനോക്കുന്ന കുഞ്ഞു മാവുകൾ പൂത്തു തുടങ്ങുമ്പോഴെ പിന്നീട് അങ്ങോട്ട് ഉത്സവമാണ്. ഓട് മേഞ്ഞ തട്ടിൻ മുകളിലെ വരാന്തകളിൽ അണ്ണാറക്കണ്ണനും തുക്കണാം കുരുവിയും വിരുന്നുകാരായി.വയലുകളെ അതിരു തിരിക്കുന്ന കവുങ്ങും വെറ്റിലയും കദളിയും കുരുമുളകും റോബസ്റ്റും പേരക്കയും തുടങ്ങി അനേകം ഫലങ്ങൾ വിളഞ്ഞു നിൽക്കുന്ന തോട്ടവും പിന്നെ ഊർജ്ജസ്വലനാകും.പേരറിയാത്ത അനേകായിരം പക്ഷികൾ വന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പൂമുഖത്തെ ചൂരൽ കസേരയിൽ ഇരിക്കുമ്പോൾ മനസ്സിനൊരു നിറവാണ്.

വർഷക്കാലത്ത് മുറ്റം വരെ വെള്ളമെത്തിക്കുന്ന തോടും മറ്റൊരു സമൃദ്ധിയാണ്.നീന്തലറിയില്ലെങ്കിലും ഒഴുക്കിലൂടെ നീന്തി മറുകരയെത്തി വിജയാരവം മുഴക്കുന്ന കളിവേളകൾ, വൈകുന്നേരം

പോകുന്ന മനുഷ്യർ, ട്രാക്ടറിന് പിറകെ പറക്കുന്ന കൊറ്റികൾ, നെൽകതിരും കൊത്തി പറക്കുന്ന തത്തകൾ,അങ്ങനെ..... അങ്ങനെ.. പ്രകൃതി ദേവത അണിയിച്ചൊരുക്കിയ ഗ്രാമം.പക്ഷെ, ആ നിലനിൽപ്പ് പരിമിതമായിരുന്നരവെന്ന് ചില നോട്ടീസുകളാണ് വെളിപ്പെടുത്തിയത്

NH66 എന്ന ഓമനപ്പേരോടെ കടന്നുവന്ന വികസനത്തിന്റെ ചുവടുവെപ്പുകൾ ആ ഗ്രാമീണ പാശ്ചാത്തലത്തെ പിഴുതെടുക്കുകയായിരുന്നു. നിലവിലുള്ള ഗതാഗത മാർഗത്തെ വികസിപ്പിച്ചെടുക്കുക എന്ന ആലോചനക്ക് മുമ്പിൽ പണക്കിഴികൾ കൈമാറിയ അധികാര വർഗ്ഗങ്ങൾക്കിടയിൽ ചൂഷിതർ എന്നും ഒറ്റപ്പെട്ടവരാണെന്നുള്ള വസ്തുതയെ വ്യക്തമാക്കുകയായിരുന്നു അത്.ഉച്ഛമായ നഷ്ടപരിഹാരവും കൊണ്ട് ജന്മനാടിനെ വേർപ്പെടുത്തേണ്ടിവന്ന നിസ്സഹായരായ മനുഷ്യരുടെ നിലവിളിയിൽ പ്രഹസനമായി മാധ്യമങ്ങൾ കൊണ്ടാടിയപ്പോഴും നഷ്ടപരിഹാരത്തിന് പോലും വിധേയരാക്കാത്ത ഒരു പറ്റം ജീവജാലങ്ങൾ രേഖകളിൽ അദൃശ്യരായിരുന്നു.അവ വേരറ്റു വീഴുന്ന മരച്ചില്ലകളിലെ കൂട്ട നിലവിളികളായും ചക്രങ്ങൾകിടയിൽ ഞെരിഞ്ഞമരുന്ന പറക്കമുറ്റാത്ത ജീവനുകളുടെ അന്ത്യമായും ഒരു 'സിമ്പതി' യായി സ്റ്റാറ്റസുകളിൽ പരിണമിച്ചു എന്നല്ലാതെ ഒരു ---------- തിമ്മക്കാരും ഇവിടെ പുനർജനിച്ചില്ല.വാദിക്കാൻ ആളില്ലാത്ത,വസിക്കാൻ ഇടമില്ലാത്ത, വികസനങ്ങളിൽ പങ്കില്ലാത്ത ജീവി വർഗ്ഗങ്ങൾക്ക് വേണ്ടി മനുഷ്യൻ എന്ന ജീവിയും ഉരിയാടിയില്ല."കൊല്ലണമെന്നു പറയാം. കൊല്ലുകയും ചെയ്യാം. ജീവൻ കൊടുത്ത് സൃഷ്ടിക്കാൻ കഴിയുമോ?"എന്ന് 'ഭൂമിയുടെ അവകാശികളിൽ' ബഷീർ ചോദിക്കുന്നുണ്ട്. തികച്ചും അർത്ഥവത്തായ ചോദ്യം!

"ഭൂമിയിൽ ഏതു ജീവിയും ഇരു ചിറകുകളിൽ പറക്കുന്ന ഏതു പറവയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങളാണ്. മൂല പ്രമാണത്തിൽ നാമൊന്നും വിട്ടുകളഞ്ഞിട്ടില്ല.പിന്നീട്അവരെല്ലാം തങ്ങളുടെ നാഥങ്കൽ ഒരുമിച്ചു ചേർക്കപ്പെടും"(6:38)

ട്ടതല്ല ഭൂമി,ജീവജാലങ്ങളും അതിൽ പങ്കുള്ളവരാണ്."മാതാ ഭൂമി പുത്രോം വാ പൃഥിവാ (ഭൂമി എന്റെ അമ്മയാണ് ഞാൻ മകനും) എന്ന വേദ ദർശന പ്രകാരം ഭൂമി പ്രകൃതിയെ അമ്മയായി കണ്ട് സംരക്ഷിക്കാനും നാം തയ്യാറാവണം. ഭാരതീയ സംസ്കൃതിയുടെ ഭാഗമായ കേരളത്തിന്റെ സംസ്കാരത്തിലും പരിസ്ഥിതി ബോധം ആഴത്തിലുണ്ട്."കാവു തീണ്ടല്ലേ കുളം വറ്റും"എന്ന പഴമൊഴിയിൽ തെളിയുന്നത് പരിസ്ഥിതി സന്തുലനത്തെ കുറിച്ചുള്ള അവബോധ മാണ്.പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും അറിഞ്ഞത് കൊണ്ടാണ് സർപ്പ കാവുകൾ ഉണ്ടായത്.മനുഷ്യനും പ്രകൃതിയും ഒത്തിണങ്ങിയ ഒരു സംസ്കാരം ഉണ്ടാകേണ്ടതിന്റെ ആവശ്യ കതയെ കുറിച്ച് പരിസ്ഥിതി പഠനങ്ങൾ വ്യക്തമാക്കുന്നു.വികസന ത്തോടുള്ള എതിർപ്പല്ല പ്രകടമാകുന്നത്,മറിച്ച് സുസ്ഥിര വികസ നത്തോടുള്ള അനുകൂല മനോഭാവമാണ്.പരിസ്ഥിതിക്ക് ദോഷം വരുത്താത്ത വിധത്തിലുള്ള വികസന മാതൃകകൾ സ്വീകരിക്കാൻ സർക്കാറും പൊതു സമൂഹവും ശ്രദ്ധിക്കണം.

നിയമങ്ങൾക്ക് മുമ്പിൽ ഗ്രാമ നഷ്ട്ടമായി ദേശീയപാത നിർമ്മിതി തകൃതിയായി നടക്കുന്നുണ്ട്. ബഷീറിന്റെ വാക്കുകളെ സ്മരിക്കുന്നു "ഒരഞ്ഞൂറു കൊല്ലത്തിനക ത്ത് ഈ ഭൂമിയിലുള്ള സർവ്വ ജന്തുക്കളെയും പക്ഷികളെയും മൃഗ ങ്ങളെയും എല്ലാം മനുഷ്യൻ കൊന്നൊടുക്കും. മരങ്ങളെയും ചെടികളെയും നശിപ്പിക്കും. മനുഷ്യൻ മാത്രം ഭൂമിയിൽ അവശേ ഷിക്കും. എന്നിട്ട് ഒന്നടങ്കം ചാകും."

# പരിസ്ഥിതി ദിനം ജൂൺ 5



# യുദ്ധ മുഖം

ഉദരത്തിലിരുന്ന പിള്ള
അറിയുമോ പിറവിയാൽ
പൊള്ളുമെന്ന സത്യം
മറോടണച്ച് മാതാവിന്റെ
ഹൃദയ തുടിപ്പറിഞ്ഞ്
അമ്മിഞ്ഞ പാൽ
നുകരുമ്പോൾ ഗൃഹത്തിൻ
ഭിത്തി ഇരച്ച് കയറും
ശിഖിയാലുള്ള ഗോളത്തിൻ
ശബ്ദവും ഒരോ നിലം
പൊത്തലിനും നഷ്ട്ടമാവാം
ഈ ബാല്യം തകർന്നടിഞ്ഞ
കുനയിൽ നിന്ന് സ്നേഹത്താൽ
വാരിപ്പുണർന്ന് ചുംബനം തന്നീടും
ഉറ്റവർക്ക തിരിച്ചറിവിനായി
കരങ്ങളിൽ എഴുതീടാം എൻമുദ്ര
യുദ്ധത്തിനൊരുങ്ങിയ
പടയാളിയല്ല ഞാൻ മറിച്ച് ഈ
മണ്ണിന്റെ ധീരയാണ് പടവെട്ടി
ജയിക്കാൻ സന്നാഹമില്ലെങ്കിലും
മരണത്തെ മുഖാമുഖം കണ്ടു
ഒരു തുണ്ട് കടലാസിൽ
മനസ്സുരുകിയ അന്ത്യാഭിലാഷവും
എഴുതിടാം

അന്തരായവരെ  ഇത്രയും
മതിയാവില്ലെ എന്തിനീ പ്രജകൾ
ഞങ്ങളിൽ ഭയം ഒട്ടുമില്ലതാനും
എല്ലാ ഭാരവും നാഥനിൽ
അർപ്പിതമാണ് പളുങ്കുപോൽ
കാത്തീടും ഏറെനാൾ താങ്ങായി
നിന്നവൾ യുദ്ധ ഭൂമി
യിൽ ശ്വാസം നിലച്ചും
അന്നം തേടിപ്പോവും
വഴിയെ ജീവൻ നഷ്ട്ടമായ
ഭർത്താവും ഒരു ഗർഭപാത്രത്തിൽ
നിന്ന് ജൻമം നൽകിയ എല്ലാ
പൈതലും വിട പറഞ്ഞ മാതാവിൻ
നൊമ്പരവും സങ്കടപ്പെടാതെ
സ്വർഗ്ഗകവാടത്തിൽ ഇരുകൈ
നീട്ടി ആനയിക്കാൻ ഞങ്ങൾ
ഇവിടെ നിൽപ്പുണ്ട് ഉമ്മീ.....
എല്ലാം നഷ്ട്ടമായ ആ ദയനീയ
കണ്ണും ഈറനണിയിച്ചും ശിരസു
മുതൽ പാദം വരെ ഇടറിയും
ദിനം പ്രതികാണുന്നുവോ നാഥനിൽ
അർപ്പിച്ചെതെല്ലാം സ്വതന്ത്രമായ്
പുഞ്ചിയോടെ നടന്നു നീങ്ങും
കാലം വരാതെ ഭൂമിക്ക്
ശുഭമില്ല അനുജരേ.....

# ടീൻസ് ക്ലബ്



# കളിപ്പാട്ടങ്ങൾ

സമയം 8:30 AM
നഗരഹൃദയത്തിലെ ഏറ്റവും ഉയരമുള്ള കെട്ടിടത്തിൽ പതിനൊന്നാം നിലയിൽ നിന്ന് പതിവുപോലെ പരിഭവങ്ങളും പരിദേവങ്ങളും കേൾക്കാം-

"ഓ.....പ്രകാശ്, നീ ഇനിയും ഒരുങ്ങിയില്ല ! നമ്മൾ ഇന്നും ലേറ്റാവും,ഷുവർ."

ചുണ്ടിൽ ലിപ്സ്റ്റിക്ക് തേച്ച്, പട്ടുസാരിയെടുത്ത്,വാനിറ്റി ബാഗും തൂക്കി ജയലക്ഷ്മി പുറത്തേക്കു വന്നു.

" ജയാ, ഞാൻ എപ്പോളേ റെഡി!"-പ്രകാശ് തന്റെ ടൈം നേരെയാക്കിക്കൊണ്ടു പറഞ്ഞു.

"ശരി.....പോകാം....അല്ല-ഈ സാരി എങ്ങനെയുണ്ട് പ്രകാശ്"

"തരക്കേടില്ല ഓ,ഗോഡ്! ടിന്റുമോൻ എണീറ്റിട്ടുകൂടിയില്ല! അവനെ 'കയറില്ല ഏല്പിക്കേണ്ടേ?

"ഞാൻ അക്കാര്യം തന്നെ മറന്നു!" തലയ്ക്കു കൈകൊടുത്ത്
അവൾ സോഫയിലേക്ക് അമർന്നിരുന്നു.

"നീയവിടെ ഇരിയ്ക്കാണോ! വേഗം പല്ലു തേച്ച് കുളിപ്പിക്ക്."

"ഓ- എന്നേക്കൊണ്ട് വയ്യ! നിങ്ങളു പോയി എടുത്തോണ്ട്വാ.
പല്ലുതേക്കലും കുളിപ്പിക്കലുമൊക്കെ അവിടുത്തെ ആയമാര് ചെയ്തോളും."

പ്രകാശ് മകനെ എടുത്ത് കൊണ്ട്വന്നു. കാറിൽ കയറിയിട്ടും
ടിന്റു മോൻ ഉറക്കത്തിലാണ് !

വാഹനം ഓടിക്കൊണ്ടിരിക്കെ ജയലക്ഷ്മി പല തവണ കണ്ണാടി നോക്കി . അപ്പോഴേക്കും അവർ 'പകൽവീടി'ന്റെ അങ്കണത്തിലെത്തിയിരുന്നു.

മധ്യവയസ്കയായ ഒരു സ്ത്രീ ടിന്റുമോനെ ഏറ്റു വാങ്ങി . അവരോട് പ്രകാശ് 'ടിന്റുമോനെ കളിപ്പിക്കണം' എന്നേ പറഞ്ഞുള്ളൂ;

'പല്ലു തേപ്പിക്കണം' എന്നു പറയാൻ വിട്ടു പോയി !

ജയ അവന് ഒരുമ്മ കൊടുത്തു. എന്നിട്ട് പറഞ്ഞു,

"ടിന്റു മമ്മി വൈകുന്നേരം വരാം. നല്ല കുട്ടിയായിരിക്കണം."

കാർ പാഞ്ഞു പോയി. ആയ ആ കുഞ്ഞിനെ കളിപ്പിച്ചു നിർത്തി.

വയസ്സ് മൂന്നേ ആയിട്ടൊള്ളൂ; എങ്കിലും അവന് അത്യാവശ്യം 'തിരിച്ചറിവു'ണ്ട്. നിരനിരയായി വെച്ചിട്ടുള്ള കളിപ്പാട്ടങ്ങളിലേക്ക് അവൻ നോക്കി. എല്ലാം വീട്ടിലുള്ളത്; കളിച്ചു മടുത്തത്. അവനെ പ്പോലെ തന്നെയുള്ള ഒരു പാവ അക്കൂട്ടത്തിലുണ്ടായിരുന്നു. അവൻ അതിനെമാത്രം ശ്രദ്ധിച്ചു.

ഏതാണ്ട് നാലുവയസ്സുള്ള ഒരാൺകുട്ടി അടുത്തുവന്ന് അവന്റെ കൈയ് പിടിച്ചിട്ടു പറഞ്ഞു,

"വാ, മ്മക്ക് കളിച്ചാം."

അവൻ കുതറിമാറി

ചുമരിൽ, ഒരമ്മ തന്റെ കുട്ടിയെ മടിയിലിരുത്തി ചോറൂട്ടുന്ന ചിത്രം ഉണ്ടായിരുന്നു. അവൻ കൊതിയോടെ അതു നോക്കിനിന്നു...

വൈകുന്നേരം അച്ഛനും അമ്മയും അവനെ 'ഏറ്റുവാങ്ങി.

രാത്രി ജയ എന്തോ എഴുതിക്കൊണ്ടിരിക്കയായിരുന്നു. പതിവി ല്ലാത്ത ഒരു ചോദ്യം അവൻ ചോദിച്ചു.

“മമ്മീ, ഇച്ച് ചോറ് വാരിത്തരോ?”

“എനിക്കിവിടെ നൂറുകൂട്ടം പണിയുണ്ട് ! നീ തനിച്ചങ്ങു കഴിച്ചാൽ മതി.”

എഴുത്തു കഴിഞ്ഞ് തിരിഞ്ഞുനോക്കുമ്പോൾ ടിൻ്റു അതാ കട്ടിലിൽ കമിഴ്ന്നു കിടക്കുന്നു! തൊട്ടുവിളിച്ചു; അനക്കമില്ല. കുലുക്കി വിളിച്ചു;

എന്നിട്ടും...

"പ്രകാശ്, ഓടി വാ. നമ്മുടെ ടിന്റു...."

പ്രകാശ് പാഞ്ഞുവന്നു.

"ജയേ, നീ പോയി കാറിന്റെ കീ എടുത്തോണ്ടു വാ."

ഡോക്ടർ ഐ.സി.യു.വിൽ നിന്ന് പുറത്തിറങ്ങി. ജയയും പ്രകാശും ഓടിച്ചെന്നു.

"ഡോക്ടർ, എന്തുപറ്റി എന്റെ മോന്?"- ജയ ചോദിച്ചു.

"പേടിക്കാനൊന്നുമില്ല. ചെറിയൊരു മോഹാലസ്യം. ഇപ്പോൾ ബോധം തെളിഞ്ഞാണു കിടക്കുന്നത്... ഒരു സംശയം- അബോധാവസ്ഥയിൽ കുട്ടി 'ചോറ് വാരിത്തരോ?' എന്നു ചോദിക്കുന്നുണ്ടായിരുന്നു. ഒരിക്കലല്ല, പലതവണ! എന്തായിത്? എനിക്കു മനസ്സിലായില്ല!"

എന്നാൽ ജയലക്ഷ്മിക്കു മനസ്സിലായി.


"ഡോക്ടർ, ഞങ്ങൾക്ക് കുട്ടിയെ കാണണം."- അവർ ഒരുമിച്ച്, ഒരേ സ്വരത്തിലാണു പറഞ്ഞത്.

"വരൂ."

അവർ ഡോക്ടറുടെ പിന്നാലെ കയറിച്ചെന്നു. അവൻ എണീറ്റിരിക്കയായിരുന്നു. ജയലക്ഷ്മി ഓടിച്ചെന്ന് അവന്റെ ഇരുകവിളിലും ഉമ്മവച്ചു; അതിനിടയിൽ ഡോക്ടർ കേൾക്കാതെ ചെവിയിൽ മന്ത്രിച്ചു.

"ഇനി എന്നും ചോറ് വാരിത്തരാം ട്ടോ."

# ക്വിസ് മത്സരം



# മായാലോകത്തിന്റെ മരുന്ന്

'പടച്ചോനെ ഞാൻ ഏത് മരുന്നാണ് ഉപ്പപ്പാക്ക് കുത്തി
വെച്ചത് . insulin ഫ്രിഡ്ജിൽ അല്ലെ . പക്ഷെ ഞാൻ ഫ്രിഡ്ജിൽ
നിന്ന്
ഒന്നും എടുത്തില്ലല്ലോ. അപ്പൊപിന്നെ ഞാൻ എന്താ കുത്തിവച്ചേ?...
കളി
ഒക്കെ കഴിഞ്ഞ് ഫുഡ് കഴിക്കാൻ വേണ്ടി അടുക്കളയിലേക്ക്
വന്നപ്പോഴാണ്
എന്റെ മനസ്സിലേക്ക് ആ കാര്യം കടന്ന് വന്നത്. ഞാൻ
അപ്പോൾതന്നെ
ഫ്രിഡ്ജിൽ പോയി നോക്കി. ഇല്ലാ ഞാൻ അതല്ല എടുത്തത്.
അപ്പൊ
പിന്നെ ഞാൻ ഏതാ കുത്തിവെച്ചത്. ഏതാവും എന്നറിയാൻ
വേണ്ടി പലയിടത്തും
നോക്കിയപ്പോ സാബിത്ത് ആണ് . "ഹലോ സാബീ പറ".ഞാൻ
"എത്ര നേരായി കുരിപ്പ്
നാസി അനക്ക് മെസ്സേജ് അയക്കുന്നേ നീ കളിക്കാൻ വാ
ഞങ്ങൾ ഒക്കെ കയറീക്ക്ണ്
സോറിടാ ഞാൻ കണ്ടില്ല . ഞാൻ ഇപ്പൊ വരാം."ഹാ ഓക്കെ
"അതും പറഞ്ഞ്
കോൾ കട്ടായതും വിളമ്പിയ ചോർ അതിലേക്ക് തന്നെ വെച്ച്
ഫോണും എടുത്ത് മേലോട്ട് തന്നെകയറി .

6:00 ഒക്കെ കഴിഞ്ഞിര്ന്ന് പബ്ജി കളിച്ച് കഴിഞ്ഞ്
താഴത്തേക്ക് ഇറങ്ങിയപ്പോ... അപ്പോഴേക്കും ജോലി എല്ലാം
കഴിഞ്ഞ് ഉമ്മയും
ഉപ്പയും എത്തിയിരുന്നു . "നാസി ഇയ്യ് ഫുഡ് കഴിച്ചില്ലേ...?
അടുക്കളയിൽ

നിന്നുള്ള ഉമ്മയുടെ ചോദ്യം കേട്ടപ്പോഴാണ് ആ കാര്യം ഓർമ്മ വന്നത്
"ഇങ്ങട്ടോക്കീ....ങ്ങളെ മോൻ ഇന്ന് ഫുഡ് കഴിച്ചിട്ടില്ല" സബാഷ് ഇന്ന്
ന്റെ കാര്യത്തിൽ തീരുമാനാമായി... ഈ മ്മാക്ക് ഇത് എന്തിന്റെ കേടാ....
"ഡാ... അന്നോട് എത്ര പ്രാവശ്യം പറഞ്ഞ്ക്ക്ണ് ഞാൻ മര്യാദക്ക്
ഫുഡ് കഴിക്കാൻ അനക്കെന്താ പറഞ്ഞാ മനസ്സിലാവൂലേ...
"ഉപ്പ . "ഇങ്ങൾക്ക് ഇങ്ങളെ കാര്യം നോക്കിയപ്പോരെ ഞാൻ എന്താ
ചെയ്യണ്ടീ എന്നുള്ളത് ഇന്ക്കറിയാ.." ഉള്ളിലുള്ള ദേഷ്യം പിടിച്ച് വെക്കാൻ
പറ്റാത്തോണ്ട് ഞാനും തിരിച്ചങ്ങട്ടോക്ക് പറഞ്ഞു "ഒരു ജോലി ഒക്കെ കിട്ടി ഉമ്മാനിം
ഉപ്പാനിം നോക്കേണ്ടവനാ നീ എന്നിട്ട് ആ കന്തത്തിലും തോണ്ടി ഇരുന്നോളും.
വയസ്സായ ഉമ്മാനീം ഉപ്പാനീം നോക്കേണ്ട ജോലി മക്കൾക്കാണ് "ഉപ്പ.
ഇത് കേട്ടപ്പോ ഞാൻ കൂടുതൽ പൊട്ടിത്തെറിച്ചു ."ഓ അത് കൊണ്ടാവല്ലോ
ആ വയ്യാതെ കിടക്കുന്ന ഉപ്പാനെ ഒന്നു തിരിഞ്ഞുപ്പോലും നോക്കാതെ
ഇറങ്ങി പോവുന്നെ ആ ഉപ്പാനെ ഒന്ന് കണ്ടിട്ട് എത്ര കാലായി .
ഇങ്ങള് പറഞ്ഞില്ലെ ഉപ്പാനിം ഉമ്മാനിം നോക്കാൻ മക്കൾക്കാണ് കൂടുതൽ ബാധ്യത
ഇങ്ങളെ ഉപ്പ വയ്യാതെ കിടക്കല്ലെ ഇന്റെ വാപ്പ വയ്യാതെ കിടക്കൊന്നും അല്ലല്ലോ...?
സ്വന്തം വാപ്പാനെ തിരിഞ്ഞ് പോലും നോക്കാത്ത നിങ്ങൾക്കു
എന്നോട് ഇത് പറയാൻ ഒരു അവകാശവും ഇല്ല.കുറെ
ഡയലോഗ് അടിച്ചാൽ പോരാ പ്രവർത്തിക്കുക കൂടി വേണം

ട്ടോ .അവ്ൻമ്മാ ചെവീക്കുടി പൊന്നീച്ച പാറി.എന്തൊരു അടിയ ഉമ്മ അടിച്ചേ.ന്റെ മുഗം ഇപ്പൊ ബൃഷായി കാണും. "നിന്നോട് പല പ്രവാശ്യം ഞാൻ പറഞ്ഞിട്ടുണ്ട് മര്യാദക്ക് സംസാരിക്കണം എന്ന്." മുഖത്ത് ഒന്ന് ഉഴിഞ്ഞു കണ്ണ് തുറന്നപ്പോൾ കലിതുള്ളി നിക്കണെ ഉമ്മാനെ ആണ് കണ്ടത്. ദേഷ്യം സഹിക്കാൻ ആവാതെ അവിടെയുള്ള ഫ്ലവർ ബേസ് എറിഞ്ഞു പൊട്ടിച്ചു.അവിടെ നിന്നും പോവാൻ നിന്ന ഉമ്മ എന്നെ പിടിച്ചു നിർത്തി. "മോൻ ഇതൊക്കെ ക്ളീൻ ആക്കിട്ടു പോയാ മതി." എന്ന് പറഞ്ഞു ഉമ്മയും ഉപ്പയും പോയി .ഞാൻ അദൊക്കെ ക്ളീൻ ആക്കി ഫ്രിഡ്ജിൽ നിന്നുവെള്ളം എടുക്കാൻ പോയപ്പോളാണ് ഫ്രിഡ്ജിന്റെ മുകളിൽ ഇരിക്കുന്ന സാദനം ഞാൻ ശ്രദ്ദിച്ചത് .അത് എടുത്ത് നോക്കിയപ്പോ തന്നെ ഇന്ടെ കയ്യും കാലും കുഴയുന്നത് പോലെ തോന്നി. അവിടെ ഉണ്ടായിരുന്നത് തലവേദനക്കെന്നും പറഞ്ഞു ഞാൻ കുത്തിവെക്കുന്ന ഒരു ലഹരിയും ഉപ്പാപ്പന്റെ സിറിഞ്ചും ആയിരുന്നു. പടച്ചോനെ ഞാൻ എന്ത് പണിയാ ചെയ്തേ. ഒരിക്കലും ചെയ്യാൻ പാടില്ലാത്തതായിരുന്നു. ഡയബറ്റിസ് രോഗികൾക്ക് ഇത് കുത്തിവെച്ചാൽ രോഗം പറഞ്ഞു കേട്ടിട്ടുണ്ട്. ഇന്റെ ഉപ്പാപ്പക്ക് ഇനി ഷുഗർ കൂടിയാൽ മരണം വരെ സംഭവിക്കും. അത്രക്ക് ഡെയ്ഞ്ചർ സാധനമാണ് ഞാൻ കുത്തിവച്ചത് ."നാസീ.....മജീദിക്കാ ....... ദേ ഉപ്പ ഒന്നും പറയുന്നില്ല വിളിയും കേൾക്കുന്നില്ല."ഉമ്മാന്റെ കരഞ്ഞുള്ള വിളി കേട്ടാണ് ഞാൻ ചിന്തയിൽ നിന്നും ഉണർന്നത്. ഓടി ഉപ്പാപ്പാന്റെ റൂമിൽ എത്തിയപ്പോൾ കണ്ടത് ഉപ്പാപ്പാനെ പിടിച്ച് കലുക്കി കരയുന്ന ഉമ്മനെയാണ്. "മോനെ നാസി..... ഉപ്പ.. ഉമ്മാക്ക് വാക്കുകൾ പുർത്തിയാക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. "ഉപ്പാപ്പ" കരഞ്ഞുകൊണ്ട് ഉപ്പാനെ കുറെ വിളിച്ചെങ്കിലും ഉപ്പാപ്പ എണീറ്റില്ല ."ഒന്ന് എണീക്കീ ഇങ്ങളെ നാസികുട്ടനാ വിളിക്കുന്നെ... ദേ കളിക്കല്ലേ നാസിക്ക് സങ്കടാവുംട്ടോ. എന്ത് പറഞ്ഞിട്ടും ഒരു മറുപടിയും ഇല്ലായിരുന്നു. ഞാൻ കാരണമല്ലേ ഉപ്പാപ്പ മരിച്ചത് ഞാനല്ലേ കൊന്നത്. ഉപ്പാപ്പ അറിയാതെ പറ്റിയാതാ

പൊറുക്കണേ....."ഉമ്മാ ..."ഞാൻ പറഞ്ഞു തീരുന്നതിന് മുൻപ് തന്നെ ഞാൻ തല ചുറ്റി വീണു. പിന്നെ എനിക്ക് ഒന്നും ഓർമയില്ല. "പല്ല് ഡോക്ടറായ മജീദിന്റെ ഉപ്പ മുഹമ്മദ് കുട്ടി എന്നവർ മരണപ്പെട്ട വിവരം എല്ലാ നാട്ടുകാരെയും ബന്ധു മിത്രാദികളെയും അറിയിച്ചുകൊള്ളുന്നു." ഈ ഒരു അനൗൺസ്മെന്റ് കേട്ടാണ് ഞാൻ ഉണർന്നത്. ഓടിച്ചെന്നു താഴെ പോയപ്പോൾ അവിടെ എല്ലാവരും ഉണ്ടായിരുന്നു. ഞാൻ മെല്ലെ ആ ആൾക്കൂട്ടത്തിലേക്ക് നടന്നു. അവിടെ വെള്ള പുതച്ച് കിടക്കുന്ന ശരീരം കണ്ടു എന്റെ കാലുകൾ ഒരു നിമിഷം അവിടെ നിശ്ചലമായി.കണ്ണിൽ നിന്ന് കണ്ണുനീർ ഒലിച്ചിറങ്ങി. ഈ ഭൂമി രണ്ടായി പിളർന്നെങ്കിൽ എന്ന് ആശിച്ചുപോയി. ഞാൻ മെല്ലെ ചലനമറ്റ് കിടക്കുന്ന ഉപ്പാപ്പയുടെ അരികിൽ മുട്ടുകുത്തി ഇരുന്നു . എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി. "മയ്യത്ത് എടുക്കാണ് ട്ടോ ..... ഇനി ആരും കാണാൻ ഇല്ലല്ലോ?"എന്ന ആരുടെയോ ചോദ്യം കേട്ടാണ് സ്വബോധം വന്നത്. അങ്ങനെ ഉപ്പാപ്പ എന്നന്നേക്കുമായി ഞങ്ങളിൽ നിന്ന് യാത്രയായി. കബറടക്കമൊക്കെ കഴിഞ്ഞു പോയവരെല്ലാം തിരിച്ചെത്തി. പെട്ടന്നാണ് എന്റെ ഫോണിലേക്ക് നോട്ടിഫിക്കേഷൻ വന്നത്.നോക്കിയപ്പോൾ പബ്ജിയിൽ നിന്നായിരുന്നു അത് കണ്ടപ്പോൾ എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല.എനിക്ക് എന്നോട് തന്നെ ദേഷ്യവും വെറുപ്പും പുച്ഛവും ഒരുപോലെ തോന്നി.ഞാൻ എന്റെ ഫോൺ എറിഞ്ഞു പൊട്ടിച്ചു .ദേഷ്യം തീരുവോളം റൂമിലുള്ള സകലതും എറിഞ്ഞുടച്ചു .എനിക്ക് സ്വയം കുറ്റബോധം വരാൻ തുടങ്ങി .അങ്ങനെ അവൻ കുറേക്കാലം ആ റൂമിൽ തന്നെ ചടഞ്ഞു കൂടിയിരുന്നു .ഭക്ഷണവും വെള്ളവും ഉറക്കവും ഒന്നുമില്ലാതെയാണ് അങ്ങിനെ അവൻ ഒരു സൈക്കോളജിസ്റ്റിന്റെ സഹായത്തോടു കൂടി പതിയെ പതിയെ അവന്റെ ജീവിതത്തിൽ നിന്ന് ഡ്രഗ്സ് ഒഴിവാക്കാൻ സാധിച്ചു .ഇപ്പോൾ അവൻ പൂർണമായും മാറി.എന്നിരുന്നാലും ഉപ്പാപ്പയുടെ ഓർമ എന്നും അവന്റെ ഉള്ളിൽ ഒരു നോവായി തീർന്നു.